**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **09-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം.വിജിൻ,<br>ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കളുടെയിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ വിമാനത്താവളം വഴിയും ട്രെയിൻ മാർഗവും അതിർത്തി ചെക് പോസ്റ്റുകൾ കടന്നും മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് വിങ് പോലീസിന്റെയും മറ്റ് സേനകളുടെയും സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | (എ) | വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവും അതിർത്തി ചെക്ക് പോസ്റ്റുകൾ വഴിയും മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് വിംഗ്, പോലീസ്, റെയിൽവേ സുരക്ഷാസേന, കസ്റ്റംസ് തുടങ്ങിയ ഏജൻസികളുമായും, വനം വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനതല സേനാ വിഭാഗങ്ങളുമായി ചേർന്നും, മറ്റു സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് സേനകളുമായി ചേർന്നും സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തി വരുന്നുണ്ട്. മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിനായി രഹസ്യ വിവരങ്ങൾ യഥാസമയം ഇത്തരം സേനാ വിഭാഗങ്ങളുമായി പരസ്പരം കൈമാറുകയും കേസുകൾ കണ്ടെടുക്കുകയും ചെയ്യുന്നു.<br><br>എക്സൈസ് വകുപ്പ് എൻ.സി.ബി, കോസ്റ്റ്ഗാർഡ്, റവന്യൂ ഇന്റലിജൻസ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയിട്ടുള്ളതും ആയതു വഴി രഹസ്യവിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. സംശയമുള്ള വ്യക്തികളെയും വാഹനങ്ങളെയും രഹസ്യമായി നിരീക്ഷിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ മഫ്തിയിൽ നിയോഗിച്ച് വരുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ രാത്രികാല വാഹന പരിശോധന ശക്തിപ്പെടുത്തുകയും, മുന്നറിയിപ്പില്ലാതെ കോമ്പിംഗുകൾ നടത്തി വരുകയും ചെയ്യുന്നു. ഉത്സവ സീസണുകളിലും മറ്റും സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് ഇതര സേനാ വിഭാഗങ്ങളുമായി ചേർന്നും, വകുപ്പു തലത്തിലും പ്രത്യേക ടീം രൂപീകരിച്ച് പരിശോധനകൾ നടത്തുന്നു. ലഹരി ഉപയോഗിക്കുന്ന കുട്ടികളെ നേർവഴിക്കു നയിക്കുന്നതിനായി Abon |

| | | | |
|---|---|---|---|
| | | | Drug Test Kit ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നു. 'Save the Spring' എന്ന പേരിൽ പ്രത്യേക പരിശോധന എല്ലാ മാസവും റെയ്ഞ്ച് അടിസ്ഥാനത്തിൽ നടത്തി വരുന്നു. |
| (ബി) | എക്സൈസ് എൻഫോഴ്സ്മെന്റ് സേനയെ വിപുലീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വകുപ്പിലെ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയവ നൽകുന്നതിന് പുതിയതായി 33 വാഹനങ്ങൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ റെയ്ഞ്ച് ഓഫീസുകളും, ജനമൈത്രി സ്ക്വാഡുകളും രൂപീകരിക്കുന്നതിനുള്ള ശുപാർശയും, സൈബർ മേഖലയിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി 100 അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശയും അടുത്ത വർഷം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നാല് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി 3 സോണുകളിലായി 3 ആധുനിക ചോദ്യം ചെയ്യൽ മുറികൾ സജ്ജമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ഐ.റ്റി. സെൽ ശാക്തീകരിക്കുകയും, സൈബർ സെൽ ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ സെല്ലിലെ ഉദ്യോഗസ്ഥർക്ക് C-DAC, Cyber Dom എന്നിവിടങ്ങളിൽ പരിശീലനം നൽകി. Central Academy for Police Training, ഭോപ്പാലിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>പൊതുജനങ്ങൾക്കു ലഭ്യമാകുന്ന എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ NIC Delhi യുടെ സഹായത്തോടെ Service Plus എന്ന വെബ് ആപ്ലിക്കേഷൻ മുഖാന്തിരം ഓൺലൈൻ ആക്കുകയുണ്ടായി. നിലവിൽ 114 സേവനങ്ങൾ Service Plus മുഖാന്തിരം നൽകുന്നുണ്ട്. വകുപ്പിന്റെ ദൈനംദിന ആവശ്യത്തിനായി, എൻഫോഴ്സ്മെന്റ് വിവരങ്ങൾ വേഗത്തിൽ ക്രോഡീകരിക്കുന്നതിനായി Excise Crime Drive, 2005 മുതലുള്ള കേസുകളുടെ വിവരങ്ങൾ ഉൾകൊള്ളിച്ച SEEC തുടങ്ങിയവ വികസിപ്പിച്ചു. |
| (സി) | മയക്കുമരുന്ന് കടത്തുസംഘങ്ങൾ മാഫിയയായി വളർന്നുവെന്ന് കരുതാവുന്ന സാഹചര്യത്തിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് കൂടുതൽ ഫലപ്രദമായ നിയമ | (സി) | സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വിപണനം, ഉപയോഗം, ഉല്പാദനം, കടത്തൽ, നിർമ്മാണം, വാങ്ങൽ, സൂക്ഷിക്കൽ, ഒളിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രതികളെ വീണ്ടും |

| | | | |
|---|---|---|---|
| | നിർമ്മാണത്തിന്റെ സാധ്യത പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | | കുറ്റകൃത്യത്തിൽ ഏർപ്പെടാതിരിക്കുവാൻ കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി PIT NDPS Act പ്രകാരം 63 കുറ്റവാളികളെ കരുതൽ തടങ്കലിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.<br><br>കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് Juvenile Justice (Care and Protection of Children) Act 2015, വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തുന്ന രീതിയിൽ ആക്ട് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br><br>NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. കണ്ടെടുക്കുന്ന കേസുകൾ Small Quantity ആണെങ്കിൽ ജാമ്യം ലഭിക്കാവുന്നവയാണ്. അതിനാൽ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br><br>COTPA നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉത്പന്നങ്ങൾ വില്പന നടത്തുന്നത് നിരോധിക്കപ്പെട്ടിട്ടുണ്ട്. മേൽ ദൂര പരിധി 500 മീറ്ററായി ഉയർത്തുവാൻ കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ